**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4070 16.03.2017 ന് മറുപടിയ്ക്ക്.

**വന മ്യൂസിയം സ്ഥാപിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.എം.രാജഗോപാലൻ<br>ശ്രീ.യു.ആർ.പ്രദീപ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) വനങ്ങളുടേയും വന്യമൃഗങ്ങളുടേയും സംരക്ഷണത്തിനായി വനം വകുപ്പ് ശാസ്ത്രീയമായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.<br><br>• വനമേഖലയിലെ ആശയ വിനിമയം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി വയർലെസ്സ് സംവിധാനം മെച്ചപ്പെടുത്തുക.<br><br>• വനത്തിന്റെ അതിർത്തി നിർണ്ണയിച്ച് ഓരോ റിസർവ്വ്/വെസ്റ്റഡ് ബിറ്റും സ്ഥിരം ജണ്ട നിർമ്മിച്ച് സംരക്ഷിക്കുക.<br><br>• വനമേഖലയിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി വനത്തിനകത്തുതന്നെ മഴവെള്ളം സംഭരിച്ച് നിർത്താനും അതു വഴി വനത്തിനകത്ത് ആർദ്രത നിലനിർത്താനും കാട്ടുതീയുടെ സാധ്യത കുറയ്ക്കാനും വേണ്ട നടപടികൾ. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങൾ ആഴം കൂട്ടുകയും മണ്ണ് നീക്കം ചെയ്യുകയും, പുതുതായി ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഇനിയും തുടരുന്നതാണ്.<br><br>• കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്ക വിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്.<br><br>• വനമേഖലകളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തി വന-വന്യജീവി സംരക്ഷണത്തിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക. |

| | |
|---|---|
| (ബി)സംസ്ഥാനത്ത് വന മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഉണ്ട്. കൊല്ലം സതേൺ സർക്കിളിൽ, കുളത്തുപ്പുഴയിൽ വനം മ്യൂസിയം സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടു വരുന്നു. ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (സി) വന്യമൃഗങ്ങൾക്ക് ഭക്ഷണവും ജലവും ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും കാട്ടിനുള്ളിലെ നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) വന്യമൃഗങ്ങൾക്ക് ഭക്ഷണവും ജലവും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ വനമേഖലകളിൽ ഏകദേശം 500-ഓളം ജലസ്രോതസ്സുകൾ നവീകരിക്കുകയും, 477 ഹെക്ടർ സ്ഥലത്ത് മുള തൈകൾ പുതിയതായി നട്ടു പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) മൃഗവേട്ടക്കാരേയും മരംവെട്ടുകാരെയും കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) മൃഗവേട്ടക്കാരേയും മരംവെട്ടുകാരേയും കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും, ഇത്തരം കുറ്റകൃത്യങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന മൺസൂൺ സീസണിൽ കൂടുതൽ ആന്റിപോച്ചിംഗ് വാച്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി വനസംരക്ഷണം ഊർജ്ജിതമാക്കുന്നതാണ്. വനമേഖലയിൽ കടന്ന് ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നതിനെതിരെ നിലവിൽ സ്വീകരിച്ചു വരുന്നതു പോലെ 1980 ലെ വനസംരക്ഷണ നിയമം, 1972-ലെ വന്യജീവി സംരക്ഷണ നിയമം എന്നിവ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം പ്രവൃത്തികൾ തടയുന്നതിനായി വനം വകുപ്പിലെ ഫോറസ്റ്റ് ഇന്റലിജൻസ് സെൽ രഹസ്യ വിവര ശേഖരണം നടത്തുകയും, നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ